## 375

ദൈവത്തിൻ നാമത്തിൽ നാം ചേർന്നിടും സമയങ്ങളിൽ
മോദമായ് ധ്യാനിച്ചിടാം തന്റെ വൻകൃപകൾ ദിനവും

1 കുന്നുകളകന്നിടിലും-മഹാ പർവ്വതം മാറിടിലും
തന്റെ ദയയെന്നും ശാശ്വതമേ-തന്റെ മക്കൾക്കാശ്രയമേ-

2 സീയോനിലവൻ നമുക്കായ്-അതിശ്രേഷ്ഠമാം മൂലക്കല്ലായ്
തന്നോടു ചേർന്നു നാമും തന്റെ ജീവകല്ലുകളായിടാം

3 കർത്തൻ തൻവരവിൻ നാളിൽ തന്റെ കാന്തയാം നമ്മെ ചേർത്തിടും
എന്റെ കണ്ണുനീരെല്ലാം തുടയ്ക്കും തന്റെ മാർവ്വോടു ചേർത്തീടുമേ-